/

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 253 08.05.2017-ലെ മറുപടി

# കടിവെള്ളത്തിന്റെ പരിശുദ്ധിയും ഉപഭോഗവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, എൻ. ഷംസുദ്ദീൻ<br>,, അബ്ദുൽ ഹമീദ് പി.<br>,, പി.ബി. അബ്ദുൽ റസ്സാക്ക്: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കുപ്പിവെള്ള മുൾപ്പെടെയുള്ള കുടിവെള്ള ത്തിന്റെ പരിശുദ്ധി ഉറപ്പുവരുത്തുവാൻ വാട്ടർ അതോറിറ്റിക്ക് എന്തൊക്കെ സംവിധാനമാണ് നിലവിലുള്ള തെന്ന് വ്യക്തമാക്കുമോ; | എ കേരള വാട്ടർ അതോറിറ്റി ജലശുദ്ധീകരണശാല കളിൽ വച്ച് ശുദ്ധീകരിച്ചതിന് ശേഷമാണ് ശുദ്ധജലം ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ശുദ്ധീകരണശാല ഇല്ലാത്ത സ്ഥലങ്ങളിൽ ക്ലോറിനേഷൻ വഴി ശുദ്ധീകരിച്ച ജലമാണ് വിതരണം ചെയ്യുന്നത്. ഇങ്ങനെ വിതരണം ചെയ്യുന്ന ജലം വാട്ടർ അതോറിറ്റിയുടെ ഗുണപരിശോധന ലാബുകളിൽ പരിശോധിച്ച് പരിശുദ്ധി ഉറപ്പ് വരുത്തുന്നു. എന്നാൽ മറ്റ് സ്വകാര്യ കമ്പനികൾ ഉൾപ്പെടെയുള്ള ഏജൻസികൾ വിതരണം ചെയ്യുന്ന കുപ്പിവെള്ളമുൾപ്പെടെയുള്ള ശുദ്ധജല സാമ്പിളുകൾ വാട്ടർ അതോറിറ്റി സ്വമേധയാ പരിശോധിക്കാറില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ ആവശ്യപ്രകാരം നിശ്ചിത ഫീസ് ഈടാക്കി പ്രസ്തുത കുടിവെള്ള സാമ്പിളുകൾ പരിശോധിച്ച ഫലം നൽകാറുണ്ട്. |
| ബി പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനരീതി വിശദ മാക്കുമോ; | ബി ജലഅതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലം ശുദ്ധീകരണശാലകളിൽ വിവിധ ശുദ്ധീകരണ പ്രക്രിയകളായ ഏറേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ എന്നിവ നടത്തി ശുദ്ധീകരിച്ചാണ് വിതരണം ചെയ്യുന്നത്. ഇങ്ങനെ ശുദ്ധീകരിച്ച ജലത്തിന്റെ നിറം, മണം, കലക്കൽ, പി.എച്ച്, ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി, അസിഡിറ്റി, ആൽക്കലിനിറ്റി, സൾഫേറ്റ്, റ്റി.ഡി.എസ്, കാഠിന്യം, കാൽസ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ളൂറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, റെസിഡ്യൂവൽ ക്ലോറിൻ, കോളിഫാം, ഇ-കോളി തുടങ്ങിയവയുടെ അളവ് പരിശോധിച്ച് BIS 10500-2012 എന്ന സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന അനുവദനീയമായ |

പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് വിതരണം ചെയ്യുന്നത്. ഈ പരിശോധനയ്ക്കായി ജല അതോറിറ്റിയുടെ കീഴിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും, 14 ജില്ലാതല ലാബുകളും, 33 സബ് ഡിവിഷൻ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ശുദ്ധീകരണ ശാലയോടനുബന്ധിച്ച് ചെറിയ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| സി | സംസ്ഥാനത്തിന്റെ പ്രതിദിന കുടിവെള്ള ഉപഭോഗം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | സി | സംസ്ഥാനത്തിന്റെ പ്രതിദിന കുടിവെള്ള ഉപഭോഗത്തിൽ കാലാവസ്ഥക്കനുസൃതമായി വ്യതിയാനം ഉണ്ടാകാറുണ്ട്. നിലവിൽ വാട്ടർ അതോറിറ്റി മുഖേന പ്രതിദിനം 2500-ൽപരം ദശലക്ഷം ലിറ്റർ കുടിവെള്ളം വിതരണം നടത്തുന്നുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ